**കളക്ഷൻ ക്യാമ്പുകൾ**

| | |
|---|---|
| തിരുവനന്തപുരം, കൊല്ലം ജില്ലകൾ | പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ 'എച്ച്' സെക്ഷൻ |
| ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകൾ | കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസ് |
| എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകൾ | തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസ് |
| കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകൾ | കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസ് |

പട്ടികയിൽ ഒന്നാം കോളത്തിലെ ജില്ലകൾക്ക് അവർക്ക് നിശ്ചയിച്ചിരിക്കുന്ന 2-ാം കോളത്തിലെ ഓഫീസിനേക്കാൾ എളുപ്പത്തിൽ എത്തിച്ചേരാൻ കഴിയുന്ന ഓഫീസുകൾ 2-ാം കോളത്തിൽ ഉണ്ടെങ്കിൽ ഫോറങ്ങൾ അവിടെ എത്തിച്ചാലും മതിയാകും. വിവരം മുൻകൂട്ടി ഡയറക്ടറേറ്റിലെ 'എച്ച്' സെക്ഷനിൽ അറിയിക്കേണ്ടതാണ്.

വിവരശേഖരണത്തിനുള്ള പ്രൊഫോർമ മുൻപു നൽകിയതു തന്നെയാണ്. മുൻപ് സമർപ്പിച്ച ലിസ്റ്റിൽ (ഹാർഡ് കോപ്പി) ഉൾപ്പെടാതെ പോയവരുടെ വിവരങ്ങൾ മാത്രമേ ഇതിൽ രേഖപ്പെടുത്താവൂ. എക്സൽ ഫോർമാറ്റിൽ 15 കോളങ്ങളാണ് ഫോറത്തിലുള്ളത്. എല്ലാ കോളങ്ങളിലെയും വിവരങ്ങൾ കൃത്യമായി പൂരിപ്പിക്കണം.

മുൻപു ചെയ്തതുപോലെ എ3 വലുപ്പത്തിലുള്ള കടലാസിൽ, ഫോർമാറ്റിന് മാറ്റമൊന്നും വരുത്താതെ വേണം ടൈപ്പ് ചെയ്ത് പ്രിന്റൗട്ട് എടുക്കേണ്ടത്. ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഈ പ്രിന്റൗട്ടുകൾ ഒപ്പിട്ടാണ് (കവറിംഗ് ലറ്റർ വേണ്ട) 05-11-2018 നു അതത് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് എത്തിക്കേണ്ടത്. ലിസ്റ്റ് നൽകാനില്ലാത്ത എ.ഇ.ഒ, ഡി.ഇ.ഒ മാർ 'Nil Statement' അതത് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് അയച്ചാൽ മതിയാകും.

- വിവരങ്ങൾ ടൈപ്പ് ചെയ്ത എക്സൽ ഷീറ്റ് എ.ഇ.ഒ, ഡി.ഇ.ഒ മാർ ഡയറക്ടറേറ്റിലേക്ക് 09-11-2018 രാവിലെ 11 മണിക്ക് ഇ-മെയിൽ വഴി അയക്കണം. (പി.ഡി.എഫ് ആക്കി അയക്കരുത്) (**approval2912016@gmail.com** എന്ന ഇ-മെയിൽ വിലാസത്തിൽ മാത്രം ഇത് അയക്കുക. മറ്റൊരു വിലാസത്തിലേക്കും അയക്കരുത്)

അധ്യാപകരുടെ പേരുവിവരം മുൻലിസ്റ്റിൽ ചേർക്കാതിരുന്നതിന് സമർപ്പിക്കുന്ന വിശദീകരണം സഹിതമാണ് ലിസ്റ്റ് സർക്കാരിനു സമർപ്പിക്കുന്നത്. ആയത് പരിശോധിച്ച് തുടർ നടപടികൾ ഉണ്ടായേക്കും എന്ന വിവരവും അറിയിക്കുന്നു.

വിശ്വസ്തതയോടെ

**ജെസ്സി ജോസഫ്**

**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)**